# പള്ളികുദാശകാലം
## വചന വിചിന്തനം
### പള്ളികുദാശകാലം നാലാം ഞായർ
**മത്താ 22,41-23,22**

> **കർത്താവ് അവരോടു ചോദിച്ചു:**
> **"ക്രിസ്തു ആരുടെ പുത്രനാണ്?" "ദാവീദിന്റെ," എന്ന് അവർ പറഞ്ഞു.**
> **അവൻ ചോദിച്ചു: "അങ്ങനെയെങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ?"**
> **ഈ ചോദ്യത്തിനുള്ള അവരുടെ മറുപടി നിശബ്ദതയായിരുന്നു!**
> **ക്രിസ്തു ഇങ്ങനെ ചോദിക്കാനും അവരെ വാക്കിൽ കുടുക്കാനുമുള്ള കാരണം നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനാട്യമാണ്!**

സാധാരണ ഫരിസേയർ ക്രിസ്തുവിനോട് ചോദിക്കുമ്പോൾ ഇവിടെ ക്രിസ്തു ഫരിസേയരോട് ചോദ്യങ്ങൾ ചോദിക്കുന്നു... കാരണം, അവൻ ഹൃദയങ്ങൾ വിവേചിച്ചറിയുന്നവനാണ്...

ഇന്ന് സഭയിൽ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുന്നു. ക്രിസ്തുവാണ് എന്റെ രാജാവെന്ന് ഏറ്റുപറയുന്നതിനോടൊപ്പം രാജാക്കൻമാരുടെ രാജാവും പ്രഭുക്കൻമാരുടെ പ്രഭുവുമായ ക്രിസ്തുവിന്റെ ഐഹികമല്ലാത്ത രാജ്യത്തിലെ പ്രജകളാണ് എന്നതിൽ ആത്മാഭിമാനം കൊള്ളുവാനുമുള്ള ദിനമാണ് ഇന്ന്. ഒപ്പം, കാലത്തിനും സമയത്തിനും അതീതമായി നിലയുറപ്പിച്ച ക്രിസ്തുവിന്റെ ഗുണവിശേഷണങ്ങളാൽ സമ്പന്നമാകാനുമുള്ള അനുഗ്രഹപ്രദമായ ദിനം.

ക്രിസ്തു നിയമജ്ഞരുടെയും ഫരിസേയരുടെയും കപടനാട്യം കാണുമ്പോൾ അവരോട് ചോദിക്കുകയാണ്;

"ക്രിസ്തുവിനെപ്പറ്റി എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്?"

യഹൂദനായി ജനിച്ച ഏത് കുഞ്ഞുകൊച്ചിനുപോലും ഉത്തരം പറയാൻ സാധിക്കുന്ന ചോദ്യമണ് ക്രിസ്തു അവരോട് ചോദിച്ചത്. ചോദ്യത്തിനുശേഷം നാവ് വായിലിടുന്നതിനുമമ്പേ ഉത്തരം വന്നു;

"ദാവീദിന്റെ"

അവരുടെ ഉത്തരം പറയാനുള്ള ചടുലത ക്രിസ്തുവിന് ഏറെ ഇഷ്ടമായി. പക്ഷെ, ഈ ഉത്തരത്തിന്റെ വിശകലനത്തിന് വേണ്ടി കർത്താവ് വീണ്ടും അവരോട് ചോദിച്ചു;

"അങ്ങനെയെങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ?"

പതിവുപോലെ ക്രിസ്തുവിന്റെ ഈ ചോദ്യത്തിന് നിശബ്ദത തന്നെ ഉത്തരം. തുടർന്ന്, സുവിശേഷകൻ കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്, "അവനോട് ഉത്തരമായി ഒരു വാക്കുപോലും പറയാൻ ആർക്കും കഴിഞ്ഞില്ല. അന്നുമുതൽ അവനോട് എന്തെങ്കിലും ചോദിക്കാൻ ആരും ധൈര്യപ്പെട്ടതുമില്ല..."

ഇവിടെ സുവിശേകൻ സൂചിപ്പിക്കുന്നത് ഒരു കൂട്ടം ജനങ്ങളെയാണ്. ആരാണ് ഈ കൂട്ടർ? അതറിയണമെങ്കിൽ അടുത്ത അധ്യായത്തിലേയ്ക്ക് യാത്ര ചെയ്താൽ മതി. സുവിശേഷകൻ സൂചിപ്പിക്കുന്നത് നിയമജ്ഞരേയും ഫരിസേയരേയും ആണ്. അവരുടെ കാപടനാട്യം കാണുമ്പോഴാണ് ക്രിസ്തു അവരെ വാക്കിൽ കുടുക്കുന്നത്. ക്രിസ്തു ഏറ്റവും അധികം വെറുക്കുന്ന തിന്മയും ഇത് തന്നെയാണ്. ഫരിസേയരെയും നിയമജ്ഞരേയും അവരുടെ ആയുധം കൊണ്ട് തന്നെ പരാജയപ്പെടുത്തുന്നു. ചോദ്യം ചോദിക്കുക, ഉത്തരം മുട്ടിക്കുക, വിമർശിക്കുക ഇവ മൂന്നും ഫരിസേയരുടെയും

നിജമജ്ഞരുടെയും രീതികളായിരുന്നു. ക്രിസ്തു ഫരിസേയരേയും നിയമജ്ഞരെയും കുറ്റപ്പെടുത്തുന്നതിന് നാല് കാരണങ്ങൾ നിരത്തുന്നുണ്ട് സുവിശേഷത്തിൽ;

1. ഫരിസേയരും നിയമജ്ഞരും സിംഹാസനത്തിൽ ഇരിക്കാൻ ആഗ്രഹിക്കുന്നു. അവിടെയിരുന്ന് കൽപ്പിക്കുക മാത്രം ചെയ്യുന്നു.

2. ഫരിസേയരും നിയമജ്ഞരും പറയുന്നു; പക്ഷെ, പ്രവർത്തിക്കുന്നില്ല. ചുരുക്കത്തിൽ, ഉപദേശം മാത്രം. ഉപദേശിക്കുന്ന കാര്യം ജീവിതത്തിലില്ല.

3. ഫരിസേയരും നിയമജ്ഞരും നിയമങ്ങളെ കിറുകൃത്യതയോടെ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ട്, തങ്ങൾ അതനുസരിച്ച് ജീവിക്കുന്നു എന്ന് മറ്റുള്ളരെ ബോധ്യപ്പെടുത്താൻ കിണഞ്ഞ് പരിശ്രമിക്കുന്നു. ഇവിടെ അവർ കാപട്യത്തോടെ പെരുമാറുന്നു.

4. ബലിയേക്കാൽ കരുണയ്ക്ക് വിലകൊടുക്കണം എന്ന പഠം നിയമങ്ങളെ വ്യാഖ്യാനിക്കുമ്പോൾ ഫരിസേയരും നിയമജ്ഞരും മറന്നുപോകുന്നു.

രാജാക്കൻമാരുടെ രാജാവും പ്രഭുക്കൻമാരുടെ പ്രഭുവുമായ ക്രിസ്തുവിന്റെ രാജ്യത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ തിരുസഭാമാതാവ് നമ്മളെ ഓർമ്മപ്പെടുത്തുന്നത് ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തെ ജീവിതത്തിൽ നിന്ന്, കുടുംബത്തിൽ നിന്ന് അകറ്റി നിർത്തണം എന്നതാണ്. കാപട്യത്തെ അകറ്റിനിറുത്തി ക്രിസ്തുവിന്റെ ആധികാരികതയും ആത്മാർത്ഥതയും സ്വന്തമാക്കി ആദിമക്രൈസ്തവരെപ്പോലെ ഒരുമനസ്സും ഒരുഹൃദയവുമായി ജീവിക്കണം എന്നതാണ്. കാപട്യത്തെയും കള്ളത്തരത്തെയും ഇല്ലായ്മ ചെയ്യുമ്പോഴാണ് സ്വർഗ്ഗം ഈ ഭൂമിയിൽ പണിയപ്പെടുന്നത്. "എനിക്ക് എല്ലാം അറിയാം..." എന്നുള്ള ഫരിസേയ-നിയമജ്ഞ മനോഭാവത്തെ ക്രിസ്തു പൊളിച്ചടക്കി, നിശിതമായി വിമർശിക്കുന്ന കർത്താവ് ഓർമ്മപ്പെടുത്തുന്നത് "ജ്ഞാനം ദൈവത്തിന്റെ ദാനമാണ്" എന്നതാണ്.

യേശു ചോദിച്ച ചോദ്യം; ക്രിസ്തു ആരുടെ പുത്രനാണ്? ഫരിസേയർ പറഞ്ഞ ഉത്തരം; ദാവീദിന്റെ. ദൈവത്തെ മനുഷ്യനാക്കാൻ പരിശ്രമിക്കുന്ന ജനയുടെ പ്രതീകം!

2015 മാർച്ച് 28-ാം തിയ്യതി ഏല്ലാ ദിനപത്രങ്ങളിലും റിപ്പോർട്ട് ചെയ്ത ഒരു വാർത്തയുണ്ട്. അത് ഇപ്രകാരമായിരുന്നു; "ഫേസ്ബുക്ക് കാമുകനെ നേരിൽകണ്ട യുവതി ബോധംകെട്ട് വീണു!" ആലപ്പുഴയിലാണ് ഇത് സംഭവിക്കുന്നത്. ഫേസ്ബുക്കിലൂടെ ജീവനുതുല്യം പ്രണയിച്ച യുവാവിനെ നേരിൽ കണ്ട യുവതിക്ക് ബോധം പോയി. താൻ ഫേസ്ബുക്കിലൂടെ പ്രണയിച്ചത് മുപ്പത് വയസുള്ള സോഫ്റ്റ്വെയർ എഞ്ചിനിയറായ വിദേശ മലയാളിയെ അല്ലെന്നും വിദേശത്ത് പെയിന്ററായി ജോലിനോക്കുന്ന 56കാരനെയാണെും തിരിച്ചറിഞ്ഞതോടെയാണ് 20കാരിക്ക് സ്വബോധം നഷ്ടപ്പെട്ടത്. തുടർന്ന് പെൺകുട്ടിയുടെ പരാതിയിൽ ആലപ്പുഴ സ്വദേശിയായ സത്യശീലനെ പോലീസ് അറസ്റ്റ് ചെയ്തു.

വ്യാജ പ്രൈഫൈലുകളുടെ പിൻബലത്തിലാണ് മധ്യവയസ്കനായ ആലപ്പുഴ സ്വദേശി സത്യശീലൻ പെകുട്ടികളെ വീഴ്ത്തിയിരുത്. വിവിധ വേഷത്തിലും ഭാവത്തിലും പ്രായത്തിലും ജോലിയിലുമൊക്കെ ഫേസ്ബുക്കിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഇയാൾ യുവതികളുമായി ചെങ്ങാത്തം കൂടി ഇവരെ വഞ്ചിച്ചുവരുകയായിരുന്നു. പെയിന്ററായി ജോലി നോക്കിയിരുന്ന ഇയാൾ താൻ ലക്ഷങ്ങൾ സമ്പാദിക്കു സോഫ്റ്റ്വെയർ എഞ്ചിനിയർ ആണൊണ് പലരെയും വിശ്വസിപ്പിച്ചിരുത്. ഫേസ്ബുക്ക് ഫ്രണ്ട്സിന്റെ വിശ്വാസം വർധിപ്പിക്കാൻ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങളും ഇയാൾ നിരന്തരം വരുത്തിയിരുന്നു. ലക്ഷ്യം വെയ്ക്കുന്ന യുവതിയെ വളയ്ക്കാൻ ഇവരുടെ പ്രായത്തിലും ജാതിയിലുമുള്ള നിരവധി അക്കൗണ്ടുകളും സത്യശീലൻ ഉപയോഗിച്ചിരുതായി പോലീസ് പറഞ്ഞു. ഇങ്ങനെ വലയിലായ ഇടുക്കി കരുണാപുരം സ്വദേശിനിയായ യുവതിയെ കാണാൻ നാട്ടിലെത്തിയതോടെയാണ് കള്ളി വെളിച്ചത്താകുന്നത്.

ചാറ്റിങ്ങിലെ വാക്കുകളിലൂടെ മാത്രം കണ്ടിട്ടുള്ള തന്റെ പ്രാണനാഥന്റെ യഥാർത്ഥ രൂപവും ഭാവവും കണ്ടതോടെ പെകുട്ടിക്ക് ബോധം നശിച്ചു. ഇതിനിടയിൽ സംഗതി പന്തിയല്ലെന്നുകണ്ട സത്യശീലൻ സംഭവ സ്ഥലത്തുനിന്നും മുങ്ങി. സത്യാവസ്ഥ തിരിച്ചറിഞ്ഞ

യുവതി പിന്നീട് പരാതിയുമായി പോലീസിനെ സമീപിച്ചു. തുടർന്ന് പോലീസിന്റെ നിർദേശപ്രകാരം യുവതി ഇയാളെ വീണ്ടും വിളിച്ചുവരുത്തി. യുവതി തന്റെ വലയിൽ വീണ സന്തോഷത്തിൽ ഓടിയെത്തിയ സത്യശീലൻ വീണത് പോലീസിന്റെ വലയിൽ.

ക്രിസ്തുവിന്റെ രാജ്യത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ ക്രിസ്തുവെന്ന രാജാവിന്റെ പ്രജയാണ് ഞാൻ എന്നുള്ള ബോദ്ധ്യം തിരിച്ചറിവ് നമുക്കുണ്ടാകണം. ക്രിസ്തു കാൽവരിയിലെ മരകുരിശിൽ ആകാശത്തിനും ഭൂമിക്കും മദ്ധ്യേകിടന്ന് സ്വജീവൻ ബലിയർപ്പിച്ചത് എന്നെ രാജാവാക്കുന്നതിന് വേണ്ടിയാണ് എന്നുള്ള തിരിച്ചറിവ് സ്വന്തമാക്കുമ്പോൾ ഞാൻ സ്വർഗ്ഗത്തോളം ഉയർത്തപ്പെടുകയാണ്. മറ്റുള്ളവർ സന്തോഷിക്കുന്നതിനുവേണ്ടി ജീവൻപോലും ബലിയർപ്പിക്കാൻ മടിയില്ലാതിരുന്നവന്റെ തിരുനാൾ ദിനം തിരുസഭാമാതാവ് ആഹ്വാനം ചെയ്യുന്നത് "ആ വലിയ രാജാവിന്റെ ഗുണവിശേഷണങ്ങളാൽ സമ്പന്നരാകണം" എന്നുള്ളതാണ്. ആ വലിയ രാജാവിന്റെ വലിയ ഗുണവിശേഷം ശാന്തശീലതയും വിനീതഹൃദയത്വവും തന്നെയാണ്. ക്ലേശിതർക്കാശയമായി നിലയുറപ്പിച്ച ക്രിസ്തു പറയുകയാണ്;

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ 11,27-29).

*ദാവീദ് ആത്മാവിനാൽ പ്രചോദിതനായി ക്രിസ്തുവിനെ കർത്താവ് എന്നു വിളിക്കുന്നു! ദൈവത്തെ തിരിച്ചറിയാൻ ആത്മാവിന്റെ പ്രചോദനം അനിവാര്യമാണ്!*

കരയുന്നവന്റെ കണ്ണുനീർ തുടയ്ക്കുന്നതിനേക്കാളും സങ്കടപ്പെടുന്നവനെ ആശ്വസിപ്പിക്കുന്നതിനേക്കാളും വലിയ നന്മയില്ല. ക്രിസ്തു തന്റെ ജീവിതത്തിലൂടെ അനസ്യൂതം സൂക്ഷിച്ചിരുന്നതും ഇതു തന്നെയാണ്. അതുകൊണ്ടുതന്നെയാണ് ക്രിസ്തു കുറിച്ചുവയ്ക്കുന്നത്; "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന്. ക്രിസ്തു ഇപ്രകാരം പറയുന്നതിനുള്ള കാരണം, അവൻ തന്നെതന്നെ അവതരിപ്പിക്കുന്നത് ശാന്തശീലനും വിനീതഹൃദയനുമായിട്ടാണ് എന്നുള്ളതാണ്. ക്രിസ്തു എന്ന വലിയ രാജാവിന്റെ വലിയ ഗുണം അങ്ങനെയെങ്കിൽ ശാന്തശീലത്വവും വിനീതഹൃദയത്വവുമാണ്. ആ വലിയ രാജാവിന്റെ രാജ്യത്വത്തിരുന്നാൾ ആഘോഷിക്കുമ്പോൾ അവനിൽ നിന്ന് സ്വന്തമാക്കാനുള്ള ഗുണവും ഇതുതന്നെയാണ്; "ശാന്തശീലത്വവും വിനീതഹൃദയത്വവും."

**"മറിയം പറഞ്ഞു:**
**ഇതാ, കർത്താവിന്റെ ദാസി!**
**നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!"**
ലൂക്ക 1,38

ഫാ. ജോബി മേനോത്ത്
+91 9447777931